<u>പതിനാലാം കേരള നിയമസഭ</u>
<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1195. 06.06.2018 ൽ മറുപടിയ്ക്ക്

## ഇംഗ്ലീഷ് മരുന്നുകൾ ലഹരിയ്ക്കായി ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | ഇംഗ്ലീഷ് ഔഷധശാലകൾ വഴി വിതരണം ചെയ്യപ്പെടുന്ന ചില മരുന്നുകൾ ലഹരിയ്ക്കായി വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിനാവശ്യമായ പരിശോധനകൾ നടത്തുന്നതിന് വകുപ്പിന് എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കാനുണ്ട് ; | (എ) യും (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്തമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. സ്കൂളുകൾക്ക് സമീപമുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിരീക്ഷണങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. |
| (ബി) | ആരോഗ്യ വകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള സഹായം എക്സൈസ് വകുപ്പ് ഇതിനായി ഉപയോഗിക്കുന്നുണ്ടോ; എക്സൈസ് വകുപ്പ് നേരിട്ട് പരിശോധനകൾ നടത്താറുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | സ്കൂളുകൾക്ക് സമീപമുള്ള മെഡിക്കൽ സ്റ്റോറുകൾ വഴി ലഹരിയ്ക്കായി ഉപയോഗിക്കുന്ന തരത്തിലുള്ള മരുന്നുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നത് തടയുന്നതിന് ആവശ്യമായ നിരീക്ഷണങ്ങൾ ശക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ